# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026













## കെ. വി. യു. പി. എസ്. പാങ്ങോട്


പാലോട് വിദ്യാഭ്യാസ ഉപജില്ല

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല

തിരുവനന്തപുരം

kvupspangodu@gmail.com

# ഉള്ളടക്കം

| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

# അടിസ്ഥാന വിവരം

| | |
|---|---|
| സ്ക്കൂളിന്റെ പേര് | കെവിയുപിഎസ് പാങ്ങോട് |
| മേൽവിലാസം | പാങ്ങോട് .പി ഒ, കല്ലറ, തിരുവനന്തപുരം-695609 |
| ഫോൺ | 8848455349 |
| സ്ക്കൂൾ കോഡ് | 42660 |
| വിദ്യാഭ്യാസ ഉപജില്ല | പാലോട് |
| വിദ്യാഭ്യാസ ജില്ല | ആറ്റിങ്ങൽ |
| സി ആർ സി | പാങ്ങോട് |
| ബിആർ സി | പാലോട് |
| ഗ്രാമപഞ്ചായത്ത് | പാങ്ങോട് |
| ബ്ലോക്ക് പഞ്ചായത്ത് | വാമനപുരം |
| ജില്ല പഞ്ചായത്ത് | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | വാമനപുരം |
| ലോക്സഭാ മണ്ഡലം | ആറ്റിങ്ങൽ |
| വില്ലേജ് | പാങ്ങോട് |
| താലൂക്ക് | നെടുമങ്ങാട് |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| ഇ മെയിൽ | kvupspangodu@gmail.com |
| | |

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പാങ്ങോട് കെ. വി. യു. പി. എസിനെ അക്കാദമിക രംഗത്തും ഭൗതിക സാഹചര്യങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ വിശദമായ ചർച്ചകൾക്കും പഠനത്തിനും ശേഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ പാലോട് വിദ്യാഭ്യാസ ഉപജില്ലയിൽ കല്ലറ പാങ്ങോട് കേന്ദ്രമാക്കി 1964 ൽ പ്രവർത്തനം ആരംഭിച്ച സർക്കാർ എയിഡഡ് വിദ്യാലയമാണ് പാങ്ങോട് കെ. വി.യു. പി എസ്. 5 മുതൽ 7 വരെ ക്ലാസുകളിൽ ആയി 500 ൽ അധികം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 23 അധ്യാപകരും ഒരു ഓഫീസ് സ്റ്റാഫ് ആണ് ഉള്ളത്. ഐ. എസ്. ഒ.അംഗീകാരമുള്ള ജില്ലയിലെ പ്രഥമ എയ്ഡഡ് യുപി വിദ്യാലയമായി കെ. വി. യു. പി. എസ് പാങ്ങോട്, കുട്ടികളുടെ എണ്ണം കുറഞ്ഞും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത മൂലവും 1990 കളിൽ അടച്ചുപൂട്ടൽ ഭീഷണി നേരിട്ട ഗ്രാമീണ വിദ്യാലയമാണ്. എന്നാൽ ഇപ്പോൾ മികച്ച ഭൗതിക സാഹചര്യങ്ങളിലൂടെയും ചിട്ടയായ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിലൂടെയും വിവിധ രംഗങ്ങളിലെ തിളക്കമാർന്ന നേട്ടങ്ങളിലൂടെയും പൊതു സമൂഹത്തിന്റെ വിശ്വാസം ആർജിച്ചു കൊണ്ട് ഉപജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഉള്ള വിദ്യാലയത്തിൽ ഒന്നായി ഉയർന്നിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

1. എല്ലാവർക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുക

2. പഠന പിന്നോക്കക്കാരെ ഭാഷ, ശാസ്ത്രം, ഗണിതം എന്നിങ്ങനെ പ്രത്യേകം പ്രത്യേകം കണ്ടെത്തി ഉയർത്തിക്കൊണ്ടു വരുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക

3. പഠന മികവു പുലർത്തുന്നവർക്ക് അധിക പഠനത്തിനും അനുബന്ധ പഠനത്തിനും അവസരമൊരുക്കുക.

4. കുട്ടികളിൽ ശരിയായ അഭിരുചി പരിശോധന നടത്തുകയും അവരുടെ കഴിവിനും താൽപ്പര്യത്തിനുമനുസരിച്ചുള്ള പഠനാവസരമൊരുക്കുക.

5. ആധുനിക പഠനോപകരണങ്ങളും ശാസ്ത്ര സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തി പഠനം കൂടുതൽ ആയാസ രഹിതവും ഫലപ്രദവുമാക്കുക.

6. പ്രായോഗിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുകയും പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും ലഭ്യമാക്കുക.

7. പഠനം കൂടുതൽ രസകരവും ആകർഷകവുമാക്കുക.

8. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സ്വയം പര്യാപ്തത നേടുന്നതിനും സഹായിക്കുക.

9. കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധത, ജനാധിപത്യ അവബോധം, അച്ചടക്കം, നേതൃത്വ പാടവം എന്നിവ വളർത്തുക.

10. പ്രതിബന്ധങ്ങളെ അതിജീവിക്കുന്നതിനും ലക്ഷ്യബോധമുണ്ടാക്കുന്നതിനും കുട്ടികളെ സഹായിക്കുക.

11. കുട്ടികളിൽ സ്നേഹം, സത്യസന്ധത, കാരുണ്യം, ആദർശബോധം, ബഹുമാനം, നീതിബോധം, പൗരധർമ്മം, തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

12. കുട്ടികളിൽ പരിസ്ഥിതി ബോധം, പ്രകൃതി സ്നേഹം എന്നിവ വളർത്തുക, ഊർജ്ജ സംരക്ഷണ പരിശീലനം നൽകുക

13. കുട്ടികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുക.

14. കുട്ടികളിൽ ശുചിത്വ ബോധം വളർത്തുകയും മാലിന്യ സംസ്ക്കരണ പരിശീലനം നൽകുകയും ചെയ്യുക.

15. കുട്ടികളുടെ കലാസാഹിത്യ വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുക

16. വായനാശീലം വളർത്തുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും അവസരമൊരുക്കുക.



17. വിദ്യാലയം ഒരു പാഠപുസ്തകം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുക.

18. വിദ്യാലയ പ്രവർത്തനങ്ങളിൽ മുഴുവൻ വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പു വരുത്തുക.

19.മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ വർജ്ജിക്കുന്ന തലമുറകളെ സൃഷ്ടിക്കുക.

20. തൊഴിൽ സംസ്ക്കാരവും കാർഷികാഭിമുഖ്യവും വളർത്തുക.

21. ഗൈഡൻസ്, കൗൺസിലിംഗ് എന്നിവയിലൂടെ കുട്ടികൾക്ക് ശരിയായ ദിശാബോധം നൽകുക.

22. ഗ്രീൻ പ്രട്ടോക്കോൾ സാധ്യമാക്കുക.

23. അധ്യാപകരുടെ കർമ്മശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തി മികച്ച പ്രവർത്തനം സാധ്യമാക്കുക

24. കുട്ടികളുടെ എല്ലാ ശേഷികളും തിരിച്ചറിയാനുതകുന്ന മൂല്യനിർണ്ണയത്തിലൂടെ ശ രിയായ ബോധനം സാധ്യമാക്കുക.

25. രക്ഷാകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, ഉൾപ്പടെ പൊതുസമൂഹത്തിന്റെ സഹായ സഹകരണം ഉറപ്പു വരുത്തുക.

26. വിഷരഹിത പോഷക ഗുണങ്ങളുള്ള ഉച്ചഭക്ഷണം ലഭ്യമാക്കുക.

27.ക്ലാസ്സ് മുറികൾ ഉൾപ്പടെയുള്ള ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേ ക്കുയർത്തുക.

## പൊതു പദ്ധതികൾ

- ക്ലാസ്സ് മുറികളുടെ നവീകരണം
- ക്ലാസ്സ് മുറികളിൽ ദൃശ്യ ശ്രാവ്യ പഠനോപകരണങ്ങൾ സജ്ജീകരിച്ച് ഹൈടെക് സംവി ധാനം ഉറപ്പു വരുത്തൽ.
- കുട്ടികളുടെ അഭിരുചി പരിശോധന നടത്തി കഴിവിനും സന്നദ്ധതക്കും അനുസരിച്ച് അധിക പഠനത്തിനും അനുബന്ധ പഠനത്തിനും അവസരമൊരുക്കുന്ന ടെക്കീസ് പാർക്ക് പദ്ധതി വിപുലീകരണം
- അധ്യാപക ശാക്തീകരണ പരിശീലന പരിപാടി
- ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ മികച്ച അവസരം നൽകുന്ന ഇം ഗ്ലീഷ് ഫോർ ആൾ പദ്ധതി
- ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള വിദ്യാലയ പാർലമെന്റ് പ്രവർത്തനം കൂടുതൽ ഫലപ്രദവും വ്യവസ്ഥാപിതവുമാക്കൽസമൂഹത്തെ കൂടുതൽ അടുത്തറിയുന്ന തിനും സാമൂഹ്യ സേവനത്തിനു അവസരമൊരു
  ലൈഫ്കെയർ പദ്ധതി വിപുലീകരണം

- പൊതുവായനക്കും നിരീക്ഷണത്തിനും ചിന്തക്കും പ്രോൽസാഹനം നൽകുന്ന ലൈബ്രറിയും റീഡേഴ്സ് പാർക്കും നവീകരണം.
- ധാർമ്മിക മൂല്യങ്ങൾ വളർത്തുന്നതിന് മദ്യവും മറ്റ് ലഹരി പദാർത്ഥങ്ങളും വർജ്ജിക്കുന്നതിനും പ്രേരണ നൽകുന്ന ഗുഡ്ബോയി, ഗുഡ് ഗേൾ പദ്ധതി.
- ജൈവ വൈവിധ്യ വിദ്യാലയം പദ്ധതി തുടർ പ്രവർത്തനം.
- വൈവിധ്യമാർന്ന പഠനവിനോദയാത്രകളുടെ സംഘാടനം.
- സ്റ്റുഡൻസ് ബൊട്ടാണിക്കൽ ഗാർഡൻ നവീകരണം.
- ഗൈഡൻസ്, കൗൺസിലിംഗ് സംവിധാനം ഒരുക്കൽ.
- സയൻസ് ആൻഡ് ടെക്നോളജിക്കൽ പാർക്ക് സ്ഥാപിക്കൽ.
- ആകർഷകമായ വിശ്രമ വിനോദ സംവിധാനങ്ങൾ ഒരുക്കൽ(ടി വി, റേഡിയോ ഉൾപ്പെടെ).
- കിഡ്സ് ആൻഡ് സീനിയർ സ്വിമ്മിംഗ്പൂൾ നിർമ്മാണം.
- കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും തൊഴിൽ പരിശീലന സംവിധാനമൊരുക്കൽ.
- മികച്ച ക്ലാസ്സ് റൂം ഫർണ്ണീച്ചർ നിർമ്മാണം.
- ശാസ്ത്രീയ മാലിന്യ സംസ്ക്കരണ സംവിധാനമൊരുക്കൽ.
- മിനി സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം നിർമ്മാണം.
- സമ്പൂർണ്ണ സി.സി.ടി.വി. സംവിധാമൊരുക്കൽ.
- സമ്പൂർണ്ണ സോളാർ സംവിധാനം സ്ഥാപിക്കൽ.
- ആധുനിക പാചകപ്പുരയും ഡൈനിംഗ് ഹാളും നിർമ്മാണം.
- യൂറിനൽ ടോയിലെറ്റ് നിർമ്മാണം, ഗേൾസ് ഫ്രണ്ടിലി ടോയ്ലെറ്റ് സ്ഥാപിക്കൽ.
- ശാസ്ത്രീയ മഴവെള്ള സംരക്ഷണ പദ്ധതി.
- സ്റ്റാഫ് റൂം നവീകരണം.
- സമ്പൂർണ്ണ റിസോഴ്സ് സെന്റർ പദ്ധതി നടപ്പിലാക്കൽ.
- ബാന്റ് ട്രൂപ്പ് ഒരുക്കൽ.
- കോൺഫറൻസ് ഹാൾ നിർമ്മാണം.
- ഇൻഫർമേഷൻ ഡിസ്പ്ലെ ബോർഡ് സ്ഥാപിക്കൽ.
- ഫ്രണ്ട് ഓഫീസ് ആൻഡ്, റിസപ്ഷൻ സെന്റർ സ്ഥാപിക്കൽ.
- മികച്ച കുടിവെള്ള സംവിധാനം ഒരുക്കൽ.
- മികച്ച സ്പോർട്ട്സ് കോർണർ ഒരുക്കൽ.
- വ്യവസ്ഥാപിതമായി കരാട്ടെ,യോഗ, എയ്റോബിക്സ് ,കുതിര സവാരി, സൈക്ലിംഗ്പരിശീലന പരിപാടി.
- പുതുതലമുറയിൽ കാർഷികാഭിമുഖ്യം വളർത്താൻ സഹായിക്കുന്ന കൃഷിപാഠം പദ്ധതി.
- ഗ്രാമവനം പദ്ധതി ഉൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ.
- ഇ ലൈബ്രറി ഉൾപ്പെടെ ക്ലസ്സ് ലൈബ്രറിയുടെ നവീകരണം.
- ഗണിത, ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം.
- ജനകീയ പങ്കാളിത്തത്തോടെ വിപുലമായ വാർഷിക-വിദ്യാഭ്യാസ, കലാ-സാംസ്കാരിക, കാർഷിക-വ്യാവസായിക,മേള.

* ഹെൽത്ത് എയ്ഡ് സെന്റർ സ്ഥാപിക്കൽ

# വിഷയതല പദ്ധതികൾ

| മേഖല യു.പി. മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീക വിശകലനം** |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണമികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| --- | --- | --- | --- | --- |
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യ ങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ ങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പി ക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കു വാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിന യത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കു വാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെ ടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെ ത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കു വാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കു വാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| --- | --- | --- | --- | --- |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

| | | | | | |
|---|---|---|---|---|---|
| **3** | **ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ | 1. മികവിന്റെ വഴിയിൽ<br>▶ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▶ മുന്നറിവ് പരിശോധിക്കൽ<br>▶ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▶ വാചകങ്ങൾ നിർമ്മിക്കൽ<br>▶ ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു | 2.വായനാവസന്തം<br>▶ വായന മത്സരം<br>▶ ക്ലാസ് ലൈബ്രറി<br>▶ സ്കൂൾ ലൈബ്രറി<br>▶ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▶ വായന കുറിപ്പുകൾ<br>▶ അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| | വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3.എഴുത്തുത്സവം<br>▶ എഴുത്തുകൂട്ടം<br>▶ പതിപ്പുകളുടെ നിർമാണം<br>▶ വായന കുറിപ്പ് ശേഖരണം<br>▶ ഇൻലന്റ് മാഗസിൻ<br>▶ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▶ ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>▶ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▶ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▶ യാത്രകൾ<br>▶ അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▶ ഭാഷ കളികൾ അറബിക് അസംബ്ലി<br>▶ ഭാഷാ പ്രദർശനം<br>▶ ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗേജ് ലാബ്<br>▶ സ്മാർട്ട് ക്ലാസ്റൂം ,<br>▶ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▶ ചിത്രീകരണങ്ങൾ<br>▶ സിനിമ<br>▶ ആനിമേഷൻ<br>▶ സോഷ്യൽ മീഡിയ ആക്ടിവിറ്റിസ് | 36 months | | BRC<br>LSG<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർ നെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

മേഖല/ ഉപമേഖല: ഉർദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഉർദു ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ളശേഷി വികസിപ്പിക്കുക | അധ്യാപകൻഉർദു ഭാഷയിൽ സന്ദേശം നൽകൽ. ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഉർദുവിൽ ഡയറിയിൽ എഴുതുക. പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി സദസ്സിനു മുന്നിൽ അവതരിപ്പിക്കൽ | നിരന്തരം | അധ്യാപകൻ | 2000 രൂപ . |
| ഭാഷയുടെ സവിശേഷത മനസിലാക്കുക | മറ്റ് ഭാഷകളിൽ നിന്നുള്ള വാക്കുകളും ശൈലികളും ധാരാളമായി ഉർദു ഭാഷയിൽ സ്വീകരിച്ചിട്ടുണ്ട്. ഇവ മനസിലാക്കുന്നതിനായി വിവിധ ഭാഷാധ്യാപരുമായുള്ള ഇന്ററാക്റ്റിംഗ് പരിപാടികൾ, ചർച്ച, സെമിനാർ, കുട്ടികളുടെ ഗവേഷണ-അന്വേഷണ പരിപാടികൾ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | |
| ഭാഷയിലെ പുതിയ പ്രയോഗങ്ങൾ വാക്കുകൾ എന്നിവ മനസിലാക്കുക | ഭാഷയിലെ പുതിയ പ്രയോഗങ്ങൾ വാക്കുകൾ എന്നിവ മനസിലാക്കുക. ഉർദു ഭാഷയിലെ വിവിധ പത്രങ്ങളും ആനുകാലികങ്ങളും കുട്ടികളെ പരിചയപ്പെടുത്തുകയും നിരന്തരം അവ വായിക്കുന്നതിനുള്ള പ്രേരണ നൽകൽ. | നിരന്തരം | അധ്യാപകൻ,ലൈബ്രറി | 1500/ |
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിവാര പരിപാടി | അധ്യാപകൻ | |
| ഉർദു ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തത്തിലെ ഉർദു പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. skit, conversation, drama etc. | പ്രതിമാസ പരിപാടി | ഉർദു ക്ലബ്ബ് | |

മേഖല / ഉപമേഖല: **സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സംസ്കൃത ഭാഷ പഠിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വികസിപ്പിക്കുക | അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ നിർമ്മിക്കൽ, | ഹ്രസ്വകാലം പുസ്തകം വർക് ഷീറ്റ് | സംസ്കൃതം അധ്യാപിക | |
| | | പത്രം, മാഗസിനുകൾ, | സംസ്കൃതം അധ്യാപിക | |
| പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിൽ ഉറപ്പു വരുത്തുക. | വായനാമൽസരം, വായനാകുറിപ്പുകൾ | പുസ്തകങ്ങൾ, മധ്യകാലം | | |
| ആസ്വാദന ലോകം കാഴ്ചയിലൂടെയും കേൾവിയിലൂടെയും ഭാഷയെ പരിപോഷിപ്പിച്ച് നല്ല രീതിയിൽ കുട്ടികളിൽ എത്തിക്കുക. | നേരത്തേ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച കഥകളുടേയും പാട്ടുകളുടേയും ഷോർട്ട് ഫിലിമുകളുടേയും പ്രദർശനം കാണാൻ അവസരം ഒരുക്കുക. | ഹ്രസ്വ കാലം കമ്പ്യൂട്ടർ, എൽ.സി.ഡി. | സംസ്കൃതം അധ്യാപിക | |
| മൽസരങ്ങളുടെ ലോകം കലോൽസവ വേദികളിൽ പങ്കെടുപ്പിക്കാനുള്ള മുന്നൊരുക്കം | മുഴുവൻ വിദ്യാർത്ഥികളേയും സംസ്കൃത കലോൽസവത്തിന്റെ ഇനങ്ങൾ ഏതെല്ലാമെന്ന് പറഞ്ഞ് മനസ്സിലാക്കി അതിനുവേണ്ട മൽസരവേദി സംസ്കൃത ദിനാചരണത്തോടൊപ്പവും സ്കൂൾ കലോൽസവത്തോടൊപ്പവും സംഘടിപ്പിക്കുക. | ഹ്രസ്വ കാലം | സംസ്കൃതം അധ്യാപിക | |
| ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുന്നു. | ആശയ വിനിമയവേദി, ക്ലാസ്സ് തലം, സ്കൂൾ തലം, ഭാഷാ പ്രദർശനം | ദീർഘകാലം | സംസ്കൃതം അധ്യാപിക | |
| സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | സംസ്കൃത ഭാഷ സാഹിത്യ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, സിനിമാ അനിമേഷൻ, സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | മധ്യകാലം | സംസ്കൃതം അധ്യാപിക | |

മേഖല/ ഉപമേഖല: **സംഗീത പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. മുഴുവന് വിദ്യാർത്ഥികളിലും കലാ മൂല്യല്ങ്ങള് വളർത്തുക. | 1. എല്ലാ കുട്ടികളെയും (പാട്ട് പാടാന് കഴിവുള്ളവരും ഇല്ലാത്തവരും) പാട്ട് പഠിപ്പിക്കുന്നതിലൂടെ അവരുടെ ഉള്ളില് കലക്കുള്ള പ്രാധാന്യം വർധിക്കുന്നു. അതിനാല് എല്ലാ കുട്ടികൾക്കും അവരവരുടെ കഴിവ് അനുസരിച്ച് പാടാന് അവസരം നൽകുന്നു. | വർഷത്തിലൊന്ന് | 1. സംഗീത അധ്യാപകൻ | 2000 രൂപ |
| 2. കുട്ടികളില് മനിഷ്യത്വവും സ്നേഹവും വളർത്തുക | 2. എല്ലാ കുട്ടികൾക്കും പാട്ട് ഇഷ്ടമാണ്, എന്നാല് അർത്ഥവത്തായ വരികള് ഉള്ള ചെറു പാട്ടുകള് (പ്രകൃതിയെ, പക്ഷി മൃഗദികളെ , ഗുണപാഠമുള്ളവ), ഇങ്ങനെയുള്ള പാട്ടുകള് പഠിക്കുന്നതിലൂടെ കുട്ടികൾക്കുള്ളിലെ മനുഷ്യത്വവും സ്നേഹവും വളർത്തിയെടുക്കാന് സാധിക്കും. പലതരത്തിലുള്ള പാട്ടുകൾ കേൾപ്പിക്കാനായി ഐടി ലാബിന്റെസഹായം നൽകുന്നു. | | 2. സംഗീത അധ്യാപകന ഭാഷ അധ്യാപകരും, ഐടി ലാബ് | |
| 3. പാടാന് ഴിവുള്ള കുട്ടികളെ മികച്ച നിലയില് എത്തിക്കുക | | | 3.സംഗീത അധ്യാപകൻ | |
| 4. കുട്ടികളെ യുവജനോത്സവ പരിപാടികൾക്കായി തയ്യാറാക്കുക. | 3. പാടാന് കഴിവുള്ള കുട്ടികൾക്ക് ശാസ്ത്രീയമായുള്ള സംഗീത പഠനം നൽകുക. | | 4.സംഗീത അധ്യാപകനും മറ്റ് അധ്യാപക | |
| 5. പാടാന് കഴിവുള്ള കുട്ടികളുടെ ഒരു സ്കൂള് ഗായക സംഘം. | 4. യുവജനോത്സവ പരിപാടികൾക്കായി കുട്ടികൾക്ക് ലളിത ഗാനം, സംഘഗാനം, മാപ്പിള പാട്ട്, ദേശഭക്തിഗാനം, ശാസ്ത്രീയ സംഗീതം എന്നിവയില് പങ്കെടുക്കാൻ | | 5.സംഗീത അധ്യാപകനും മറ്റ് അധ്യാപകരും | |

| | | | | |
|---|---|---|---|---|
| | കട്ടികളെ സജ്ജമാക്കന്നു<br>5. വിവിധ തരത്തില് പാടാന് കഴിവുള്ള കട്ടികളെ കണ്ടെത്തി അവരെ പ്രൊഫഷണല് രീതിയില് ഉള്ള ഒരു സ്കൂള് ഗായക സംഘമായി വളർത്തിയെടുക്കാന് സജ്ജമാക്കന്നു. | | | |

## കലാകായിക രംഗം

കലാകായിക രംഗത്ത് മികവാർന്ന പ്രകടനം കാഴ്ചവെയ്ക്കാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സാധിക്കുന്നുണ്ട്.ക്ലാസ്സ് തലത്തിൽ കലോൽസവങ്ങളും മറ്റ് കലാമൽസരങ്ങളും സംഘടിപ്പിക്കുന്നത്എല്ലാവർക്കും കുടുതൽ അവസരം ലഭിക്കാൻ സഹായിച്ചിട്ടുണ്ട്.

### കലാപ്രവർത്തനങ്ങൾ.

1. വിവിധകലാവാസനകൾ ഉള്ള കുട്ടികളെ പ്രത്യേകം പ്രത്യേകം ക്ലബ്ബുകളിൽ അംഗങ്ങളാക്കുക.

2. ഒരോ കലാപരിപാടികൾക്കും പ്രത്യേക പരിശീലനം നൽകി കലാസംഘം രൂപീകരിക്കുക..

3. ഓരോ ആഴ്ചയിലും പ്രത്യേക കലാമൽസരങ്ങൾ ഇനം തിരിച്ച് വിദ്യാലയത്തിൽ പൊതുവായും ക്ലാസ്സ് തലത്തിൽ പ്രത്യകമായും നടത്തുക.

4. ഒഴിവുവേളകളിൽ പരിശീലനം നേടാൻ പ്രത്യേകം സ്റ്റേജും സംവിധാനങ്ങളും പ്രയോജനപ്പെടുത്തുക.

### കായിക വിനോദം

1. മുഴുവൻ കുട്ടികൾക്കും ദിവസവും കൃത്യമായ വ്യായാമ മുറകൾ പതിവാക്കുക, യോഗ പരിശീലനം തുടരുക.

2. കായിക രംഗത്ത് മികവു പുലർത്തുന്നവർക്ക് കുടുതൽ മികച്ച പരിശീലനം നൽകുക.

3. വിദ്യാല കായിക പ്രവർത്തനങ്ങൾക്ക് സ്പോർട്ടസ് ക്ലബ്ബ് നേതൃത്വം വഹിക്കുക

4. ആവശ്യമായ മുഴുവൻ കായികോപകരണങ്ങളും സ്പോർട്ടസ് കോർണറിൽ സജ്ജീകരിക്കുകയും കൃത്യമായി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

5. P.E.പീരിയഡുകൾ അത്തരം പ്രവർത്തനങ്ങൾക്ക് വാർഷികാസൂത്രണ പ്രകാരം വിനിയോഗിക്കുക.
6. കായിക താരങ്ങൾക്ക് സ്പോർട്ടസ് സ്കൂൾ പ്രവേശനത്തിനു അവസരമൊരുക്കുക.

7. എല്ലാത്തരം കളികൾക്കും ഉപയോഗിക്കാവുന്ന സ്റ്റേഡിയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുക.

8. നീന്തൽ പരിശീലനത്തിനു സഹായകമാകുന്ന നീന്തൽ കുളങ്ങളും പരിശീലകരേയും ഒരുക്കുക.

9. കരാട്ടെ പരിശീലനം വ്യവസ്ഥാപിതമാക്കുകയും വിവധബെൽറ്റുകൾ നേടാൻ കുട്ടികളെ പ്രാപ്തമാക്കുകയും ചെയ്യുക.

10, എയറോബിക്സ്, യോഗ, എന്നിവ ശാസ്ത്രീയമായി പരിശീലിപ്പിക്കുക.

11. വിദ്യാലയത്തിന്റെ പേരിൽ സ്പോർട്ടസ് യുണിഫോം തയ്യാറാക്കുക.

12. ബാന്റ് ട്രൂപ്പ് സജ്ജമാക്കി പരിശീലനത്തിന് താൽപ്പര്യമുള്ള മുഴുവൻപേർക്കും നൽകുക

## മോണിറ്ററിംഗ്

ഈ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ മോണിറ്റർ ചെയ്യേണ്ടതുണ്ട്. വിദ്യാലയ പ്രഥമാധ്യാപകൻ പി.ടി.എ.സ്കൂൾ ഡവലപ്പ്മെന്റ് കമ്മിറ്റി പഞ്ചായത്ത് എഡ്യുക്കേഷൻ കമ്മിറ്റി , ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കൂടാതെ വിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ചുമതലപ്പെടുത്തുന്ന സംഘങ്ങളും മോണിറ്റർ ചെയ്യേണ്ടതാണ്.

## ഉപസംഹാരം

ശരിയായ കാഴ്ചപ്പാടും കൃത്യമായ ആസൂത്രണവും ആത്മാർത്ഥമായ പ്രവർത്തനവും സാധ്യമായാൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ നമ്മുടെ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങളും അക്കാദമിക നിലവാരവും പൂർണ്ണമായും അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്താൻ സാധിക്കുമെന്നതിന് കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ഈ വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങൾ ഒരു സാക്ഷി പത്രമാണ്.അപ്പർ പ്രൈമറി വിദ്യാലയത്തിന്റെ പരിധിയും നമ്മുടെ ഗ്രാമീണ പരിമിതികളും നിശ്ചയദാർഢ്യവും കർമ്മോൽസുകതയും കൊണ്ട് ജയിക്കുകയായിരുന്നു ഇന്നലെകളിൽ ഈ വിദ്യാലയം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനു മുൻപേ തന്നെ അത്തരം ഒരു കാഴ്ചപ്പാടോടെ മുന്നേറാൻ തുടങ്ങിയ ഈ വിദ്യാലയത്തിന് വിദ്യാലയമാനേജ്മെന്റിന്റേയും അധ്യാപക രക്ഷാകർതൃ സമിതിയുടേയും പൊതു സമൂഹത്തിന്റേയും അതിലുപരി ഒരു പൊതു വിദ്യാലയമെന്ന പരിഗണനയോടെ സർക്കാരിന്റേയും കൂടി കലവറയില്ലാത്ത പിൻതുണയും സഹായവും ലഭിച്ചാൽ അനധിവിദൂര ഭാവിയിൽ വിദ്യാഭ്യാസ രംഗത്ത് മികവിന്റെ പുത്തൻമാതൃകം സൃഷ്ടിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

# അനുബന്ധം

## മികവുകൾ – നേട്ടങ്ങൾ

കൃത്യമായ വാർഷികാസൂത്രണം എസ്.ആർ.ജി. ക്ലാസ്സ് പി.ടി.എ. ഡവലപ്പ്മെന്റ് കമ്മിറ്റി, പി.ടി.എ. എക്സിക്യൂട്ടീവ്- ജനറൽ പി.ടി.എ. യോഗങ്ങൾ എന്നിവ മികച്ച വിദ്യാലയ പ്രവർത്തനങ്ങൾക്ക് സഹായകമായി.

1 മികവാർന്ന പ്രവർത്തനങ്ങളിലൂടെ ഒരോ വർഷവും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചു.

2. മികച്ച ഭൗതിക സാഹചര്യങ്ങളും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളും ജില്ലയിലെ പ്രഥമ I.S.O.അംഗീകാരമുള്ള അപ്പർ പ്രൈമറി വിദ്യാലയമെന്ന ബഹുമതിക്ക് അർഹമാക്കി.

3. പഠന ഗവേഷണ കലാകായിക രംഗങ്ങളിൽ ഉൾപ്പടെ നാനാതുറകളിൽ നിരവധി പ്രതിഭകളെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് സാധിച്ചു.

4. വാർഷികാസൂത്രണത്തിലൂടെയുള്ള വ്യവസ്ഥാപിതമായ നിരവധി ക്ലബ്ബുകളുടെ പ്രവർത്തനം കുട്ടികളുടെ വ്യക്തിത്വ വികാസത്തിനു വഴിയൊരുക്കി.

5. വിദ്യാലയ പ്രവർത്തനങ്ങളിലുടനീളം വിദ്യാർത്ഥികൾക്കിടപെടാൻ അവസരം നൽകുന്ന സ്കൂൾ പാർലമെന്റ് സംവിധാനം നേതൃപാടവവും പൗരബോധവുമുള്ള തലമുറയെ സൃഷ്ടിക്കാനുതകി.

6. വിദ്യാർത്ഥികൾക്കും ഒപ്പം സമൂഹത്തിനും അവസരം നൽകുന്ന ഓപ്പൺ ലൈബ്രറിയും വായനാപാർക്കും വായനാശീലം വളർത്തുന്നതിനും സമൂഹത്തിന്റെസഹകരണം ലഭ്യമാക്കുന്നതിനും സഹായിച്ചു.

7.സ്റ്റുഡൻസ് ബൊട്ടാണിക്കൽ ഗാർഡൻ പദ്ധതിയിലൂടെ വിദ്യാലയാങ്കണം ഹരിതാഭമാക്കുന്നതിനും ഒരു മികച്ച ബൊട്ടാണിക്കൽ ഗാർഡൻ ഒരുക്കുന്നതിനും സാധിച്ചു.

8. വർഷങ്ങളായി നടപ്പിലാക്കി വരുന്ന ജൈവവൈവിധ്യ വിദ്യാലയം പദ്ധതിയിലൂടെ വിദ്യാലയത്തിൽ ശിശു സൗഹൃദ- പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചു. (കുതിരകൾ ഉൾപ്പടെയുള്ള മൃഗങ്ങൾ വിവധതരം സസ്യ ജാലങ്ങൾ ഇതിൽ പെടുന്നു )

9.ജൈവ- അജൈവ മാലിന്യങ്ങൾ പ്രത്യേകം പ്രത്യേകം നിക്ഷേപിക്കുന്നതിലൂടെ ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജനം സാധ്യമാക്കി.

10. ഭക്ഷ്യാവശിഷ്ടങ്ങൾ മറ്റ് ജൈവ മാലിന്യങ്ങൾ തുടങ്ങിയവ നിക്ഷേപിക്കാൻ രണ്ട് ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിലൂടെ മാലിന്യ സംസ്ക്കരണവും ഊർജ്ജ സംരക്ഷണവും സാധ്യമാക്കി. (വിദ്യാലയ പാചകപുരയിൽ ഗ്യാസ് ലഭ്യമാക്കുന്നു)

11. വിദ്യാലയത്തിനാവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് കൃഷി രീതി പരിശീലിപ്പിക്കുന്ന

തിനും വിദ്യാലയത്തിനാവശ്യമായ വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിനും സാധിച്ചു.

12. മഴവെള്ളം ശുദ്ധീകരിച്ച് കിണറ്റിലേക്ക് എത്തിക്കുന്ന റീ ചർജ്ജിംഗ് യൂണിറ്റിലൂടെ ജലസംരക്ഷണ മാതൃക സൃഷ്ടിച്ചു.

13. സോളാർ പാനലുകൾ സ്ഥാപിച്ചുകൊണ്ട് വിദ്യാലയത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കി ഊർജ്ജസ്വയം പര്യാപ്തത നേടി.

14. വിമാനത്തിലും കപ്പലിലും ട്രെയിനിലുമുള്ള വൈവിധ്യമാർന്ന പഠന വിനോദയാത്രകളിലൂടെ വിദ്യാർത്ഥികൾക്ക് അവിസ്മരണീയാനുഭവം സാധ്യമാക്കി.

15.**ലൈഫ് കെയർ പദ്ധതി**യിലൂടെ കുട്ടികളിൽ സഹായ മനസ്ഥിതിയും സാമൂഹിക പ്രതിബന്ധതയും വളർത്താനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി.

16. **ഗുഡ് ബോയി- ഗേൾ പദ്ധതി**യിലൂടെ മദ്യത്തിനും മയക്കുമരുന്നിനു മെതിരേ പ്രവർത്തിക്കുന്ന തലമുറയെ സൃഷ്ടിക്കുന്നതിനും മൂല്യങ്ങൾ വളർത്തുന്നതിനും സാധിക്കുന്നു.

17. പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ മികച്ച സാങ്കേതിക പ്രായോഗിക വിദ്യാഭ്യാസ അവസരം ഒരുക്കുന്നതിന് **ടെക്കീസ് പാർക്ക് പദ്ധതി**യിലൂടെ സാധിച്ചു.

18. സി.സി. ടി.വി. ക്യാമറകൾ സ്ഥാപിച്ചതിലൂടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും അച്ചടക്കം പരിപാലിക്കുന്നതിനും സാധിച്ചു.

19. മികച്ച വിദ്യാലയ സൊസൈറ്റി പ്രവർത്തനം വഴി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കി.

20. സ്പോർട്ട്സ് കോർണറും സ്പോർട്ട്സ് കൗൺസിൽ സഹായവും കുട്ടികളിൽ കായിക രംഗത്ത് ഉണർവ്വേകി.

21. മിനി സ്റ്റേഡിയം ഒരുക്കി കുട്ടികൾക്ക് കായിക വിനോദത്തിന് അവസരം നൽകി.

22. ചിട്ടയായ കരാട്ടെ, യോഗ, പരിശീലനത്തിലൂടെ കുട്ടികളിൽ ശാരീരിക മാനസിക ശേഷി ശക്തിപ്പെടുത്തി.

23. വിദ്യാലയത്തേയും സമൂഹത്തേയും ബന്ധിപ്പിക്കുന്ന ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന വാർഷിക വിദ്യാഭ്യാസ കലാസാംസ്ക്കാരിക കാർഷിക വ്യവസായ മേള വഴി സാമൂഹ്യ ബന്ധവും പിൻതുണയും സാധ്യമാക്കി.

24. മൾട്ടി മീഡിയ സെന്റർ, റിസോഴ്സ് സെന്റർ ഇവയുടെ പ്രവർത്തനം ഫലപ്രദമായ പഠനപ്രവർത്തനങ്ങൾക്ക് സഹായകമായി.

25.ഹൈടെക് ഓഫീസ്, നവീകരിച്ച സ്റ്റാഫ് റൂം എന്നിവ വിദ്യാലയപ്രവർത്തനം കൂടുതൽ വ്യവസ്ഥാപിതവും ഫലപ്രദവുമാക്കി.

**ഗാന്ധി ദർശൻ അവാർഡ്, ശിശുസൗഹൃദ വിദ്യാലയ അവാർഡ്, പരിസ്ഥിതി ഊർജ്ജ സംരക്ഷണ അവാർഡ്, സംസ്ഥാന വനം വകുപ്പിന്റെ വനമിത്ര അവാർഡ്, ഉപജില്ലാ ജില്ലാ കലോൽസവ എവറോൾ ചാമ്പ്യൻ ഷിപ്പുകൾ കായിക പ്രവർത്തി പരിചയ മേളകളിലെ സമ്മാനങ്ങൾ, മറ്റ് പാഠ്യ — പാഠ്യേതര മികവുകൾക്കുള്ള അംഗീകാരങ്ങൾ.** എന്നിവ ഈ വിദ്യാലയത്തിന് നേടിയെടുക്കാൻ സാധിച്ചു.